# ദൈവിക ഭരണം പുരോഹിത ഭരണം?

■ *2001-ൽ അമേരിക്കയിലെ കൂറ്റൻ കെട്ടിടങ്ങൾക്കു നേരെ നടത്തിയ അൽഖാഇദ കടന്നാക്രമണത്തോടു കൂടിയാണ് മുസ്‌ലിം തീവ്രവാദത്തിന്റെ മറ്റൊരു മുഖം ശ്രദ്ധയിൽ പെടുന്നത്. മുസ്‌ലിം സമുദായത്തിൽ ഒരു വിഭാഗം ലോകം മുഴുവൻ മുസ്‌ലിം ഭരണം സ്ഥാപിക്കാൻ പ്രതിജ്ഞാബദ്ധരായിട്ടുള്ളവരാണെന്നും ഇന്ത്യൻ മുസ്‌ലിംകൾക്കിടയിലും അവർ സ്വാധീനം ചെലുത്തുന്നുണ്ടെന്നും തിരിച്ചറിയാൻ തുടങ്ങുന്നത് അപ്പോൾ മുതൽക്കാണ്. ഇതിനു പിന്നിലുള്ള വീക്ഷണത്തെ വെറും വർഗീയതയായി വിലയിരുത്താനാവില്ല. ലോകം മുഴുവൻ ഇസ്‌ലാമിക ഭരണം എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ ഭരണം എന്നാണ്. ഇതുവരെയുള്ള ചരിത്രാനുഭവം വെച്ചുനോക്കിയാൽ ദൈവത്തിന്റെ ഭരണം എന്നത് ഫലത്തിൽ പുരോഹിതഭരണം ആയിത്തീരുകയേ ഉള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ ഇത്തരമൊരു ഭരണത്തിന് ഫാഷിസ്റ്റ് സ്വഭാവമേ ഉണ്ടാവുകയുള്ളൂ. ചുരുക്കത്തിൽ ലോകത്തിനു മുന്നിലുള്ള രാഷ്ട്രീയ പദ്ധതികളിൽ ഏറ്റവും പ്രതിലോമ സ്വഭാവമുള്ളതും അതുകൊണ്ടുതന്നെ ജനാധിപത്യ മതേതര വിശ്വാസികൾ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ എതിർത്തു പരാജയപ്പെടുത്തേണ്ടതുമായ ഒരു പദ്ധതിയാണിത് (കെ. വേണു, 2010 മാർച്ച് 28, മാതൃഭൂമി ആഴ്ചപ്പതിപ്പ്). ഈ പരാമർശത്തോട് മുജീബ് എങ്ങനെ പ്രതികരിക്കുന്നു?*

***അബൂദർറ് എടയൂർ***

**മാ**ർക്സിസ്റ്റ് ദാർശനികനും വിപ്ലവകാരിയുമായി ചമഞ്ഞ് ഒരുപാട് കാലം ചെറുപ്പക്കാരെ വഴിതെറ്റിച്ച കെ. വേണു കുറച്ചു കാലമായി മുതലാളിത്തത്തിന് പാദസേവ ചെയ്യുന്ന ശരാശരി ബുദ്ധിജീവിയുടെ റോളിലാണ്. ലോകത്ത് മറ്റെന്ത് കാര്യങ്ങൾ അദ്ദേഹത്തിനറിയാമെങ്കിലും ഇസ്‌ലാമിനെയോ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയോ കുറിച്ച് ഒരു ചുക്കും അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നതിന് ഉപര്യുക്ത പരാമർശങ്ങൾ തന്നെ മതിയായ തെളിവ് നൽകുന്നു.

അൽഖാഇദയെക്കുറിച്ച് ലോകം കേട്ടുതുടങ്ങുന്നതിന് ആറ് പതിറ്റാണ്ട് മുമ്പെങ്കിലും ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രംഗപ്രവേശം ചെയ്യുകയും ലോകം അവയെ ശ്രദ്ധിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. 1928-ൽ ഈജിപ്തിൽ രൂപവത്കൃതമായ മുസ്‌ലിം ബ്രദർഹുഡും 1941-ൽ ഇന്ത്യയിൽ നിലവിൽവന്ന ജമാഅത്തെ ഇസ്‌ലാമിയുമാണ് ഇസ്‌ലാമിക ഭരണം ലക്ഷ്യമാക്കുന്നു എന്നാരോപിക്കപ്പെടുന്ന പ്രസ്ഥാനങ്ങൾ. അവയുടെ പ്രവർത്തനം ലോകത്തിന്റെ വലിയൊരു ഭാഗത്ത് സ്വാധീനം നേടിയതിനു ശേഷമാണ് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകത്തിലും ഇരുപത്തിയൊന്നാം ശതകത്തിന്റെ തുടക്കത്തിലുമായി ഉസാമാ ബിൻലാദിന്റെ അൽഖാഇദയെക്കുറിച്ച് അമേരിക്ക ലോകത്തെ അറിയിക്കുന്നത്. ഈ നിഗൂഢ പ്രസ്ഥാനത്തെപ്പറ്റി അമേരിക്കയും പാശ്ചാത്യ ഏജൻസികളും നൽകുന്ന വിവരങ്ങളല്ലാതെ കൂടുതലൊന്നും ലോകത്തിനറിയില്ല. അവർ പ്രചരിപ്പി

ക്കുന്നതൊക്കെ സത്യമാണെന്ന് അവർ പോലും വിശ്വസിക്കുന്നുമില്ല. കിട്ടിയേടത്തോളം വിവരങ്ങളനുസരിച്ച് ഫലസ്ത്വീൻ പ്രശ്നത്തിൽ ഇസ്രയേലിനോടും അതിനെ പിന്തുണക്കുന്ന അമേരിക്കയടക്കമുള്ള ശക്തികളോടും യുദ്ധം പ്രഖ്യാപിച്ച സംഘമാണ് അൽഖാഇദ. സോവിയറ്റ് യൂനിയന്റെ അഫ്ഗാൻ അധിനിവേശത്തോടെ സോവിയറ്റ് സാമ്രാജ്യത്വത്തിനും അൽഖാഇദ എതിരായി. സായുധ സംഘങ്ങളെ പരിശീലിപ്പിച്ച് ശത്രുക്കൾക്കെതിരെ ഒളിയാക്രമണം നടത്തുകയാണ് അൽഖാഇദയുടെ ശൈലി. അതല്ലാതെ വ്യക്തമായ ലക്ഷ്യങ്ങളോടെ വ്യവസ്ഥാപിത പ്രവർത്തനം നടത്തുന്ന ഒരാദർശ പ്രസ്ഥാനത്തിന്റെ സ്വഭാവമേ ഉസാമാ ബിൻലാദിന്റെ സംഘടനക്കില്ല. മതപരമായി സലഫീ വീക്ഷണഗതിക്കാരനാണ് ഉസാമാ. ലോകം മുഴുവൻ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുകയൊന്നും ബിൻലാദിന്റെ അജണ്ടയല്ല. ഇന്ത്യയിൽ അയാൾ എന്തെങ്കിലും പ്രവർത്തനം നടത്തുന്നതായും തെളിഞ്ഞിട്ടില്ല.

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇസ്‌ലാമിന്റെ സമ്പൂർണ സംസ്ഥാപനത്തിനാണ് നിലകൊള്ളുന്നത്. ഇസ്‌ലാമിന് സ്പഷ്ടമായ ഒരു രാഷ്ട്രീയ ദർശനവും പ്രായോഗിക പദ്ധതിയും ഉള്ളതിനാൽ സ്വാഭാവികമായും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അത് മുന്നോട്ടുവെക്കുന്നു. ഇസ്‌ലാമിക രാഷ്ട്രീയത്തെ നൂറ് ശതമാനവും എതിർക്കാൻ നാസ്തികനും നിർമതനുമായ വേണുവിന് അവകാശമുണ്ട്. പക്ഷേ, അങ്ങനെ ഒന്നില്ലെന്ന് പറഞ്ഞാൽ ശുദ്ധ വിവരക്കേടാണ്. അതുപോലുള്ള മറ്റൊരു മണ്ടത്തരമാണ് ഇസ്‌ലാമിക ഭരണം പുരോഹിത ഭരണമാണെന്ന ആരോപണവും. ഇസ്‌ലാമിൽ പൗരോഹിത്യമില്ല; പൗരോഹിത്യമില്ലാത്തതിനാൽ പുരോഹിത ഭരണവുമില്ല. ക്രിസ്തീയ സങ്കൽപമാണ് മതാധിഷ്ഠിത രാഷ്ട്രം അല്ലെങ്കിൽ തിയോക്രറ്റിക് സ്റ്റേറ്റ്. ദൈവരാജ്യം തീർത്തും ജനാധിപത്യപരമാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന നിയമനിർമാണസഭകൾ കുറ്റമറ്റ ദൈവിക നിർദേശങ്ങളെയും ജനഹിതത്തെയും ആധാരമാക്കി നീതിപൂർവം നിയമങ്ങൾ നിർമിക്കുന്നു. ഇത് ഒരർഥത്തിലും ഫാഷിസമല്ല. ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഇസ്‌ലാമിന് അന്യമായ രാജാധിപത്യവും കുടുംബവാഴ്ചയും നാടുവാഴിത്തവുമൊക്കെ ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു ഫാഷിസ്റ്റ് പ്രസ്ഥാനം ഇസ്‌ലാമിന്റെ പേരിൽ രൂപപ്പെട്ടതിന് തെളിവുകൾ വേണു ഹാജരാക്കുമോ? അരാജകത്വവാദികൾ സ്വാഭാവികമായും ധാർമിക പ്രസ്ഥാനങ്ങളെയും ധാർമിക ഭരണകൂടങ്ങളെയും എതിർക്കും. അതിനനുസൃതമായി അവർ മതേതരത്വത്തെ വ്യാഖ്യാനിക്കും. ഇത് രാജ്യങ്ങളുടെയോ ജനങ്ങളുടെയോ യഥാർഥ താൽപര്യമല്ല. വിവാഹപൂർവബന്ധങ്ങളും സ്വവർഗരതിയും ഗർഭഛിദ്രവും മദ്യപാനവും പലിശയും ബ്ലേഡ് കമ്പനിയും ചൂതാട്ടവുമൊക്കെ ഒരു ധാർമിക രാഷ്ട്രം അനുവദിക്കുന്ന പ്രശ്നമില്ലല്ലോ.

## ഓന്തുകൾ നാണിക്കട്ടെ

■ *കൊച്ചി: കേരളത്തിൽ മത സൗഹാർദം ഉറപ്പ് വരുത്തുന്നതിന് മുസ്‌ലിം ലീഗ് നൽകിയ കനത്ത സംഭാവനകളാണ് ഒരു ഘട്ടത്തിൽ മുസ്‌ലിംകളെ വിഘടനവാദികളെന്ന് വിളിച്ചവരെക്കൊണ്ട് തിരുത്തിപ്പറയിക്കാൻ ഇടയാക്കിയതെന്ന് പ്രശസ്ത മാധ്യമ നിരൂപകൻ അഡ്വ. ജയശങ്കർ അഭിപ്രായപ്പെട്ടു. മുസ്‌ലിം ലീഗ് മതസൗഹാർദം ഉറപ്പുവരുത്തി ഒരു ജനതയെ രാഷ്ട്രീയവത്കരിക്കുകയാണ് ചെയ്തത്. മതരാഷ്ട്രവാദത്തിന്റെ അപകടകരമായ മുദ്രാവാക്യങ്ങളുമായി ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള സംഘടനകൾ മുന്നോട്ട് പോകുമ്പോൾ മുസ്‌ലിം ലീഗ് ജനാധിപത്യ മാർഗത്തിൽനിന്ന് ഒരു ഘട്ടത്തിലും പിന്നോട്ട് പോയില്ല. കശ്മീർ പോലുള്ള സംസ്ഥാനങ്ങളിൽ മുസ്‌ലിം ലീഗ് ഉണ്ടായിരുന്നുവെങ്കിൽ ആ പ്രദേശത്തിന്റെ കഥ മറ്റൊന്നാകുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.*
*.......... മുസ്‌ലിം ലീഗ് നിലവിലുണ്ടായിരുന്നില്ലെങ്കിൽ കേരളത്തിൽ മുസ്‌ലിം ജനപ്രതിനിധികളുടെ സാന്നിധ്യംതന്നെ അപകടകരമാവുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു (ചന്ദ്രിക ദിനപത്രം, 2010 ഫെബ്രുവരി 18). ഇത് അതിശയോക്തികൾക്കപ്പുറത്ത് എത്രമേൽ വസ്തുതാപരമാണ്?*

***സി.കെ ജുബൈർ വാണിയമ്പലം***

**മു**സ്‌ലിം ലീഗ് മതസൗഹാർദത്തിന് വില കൽപിക്കുന്ന മതേതര സാമുദായിക പാർട്ടിയാണ്. അത് പക്ഷേ 'രാജേശ്വരി'യായി നീണ്ടകാലം ലീഗിനെ കടന്നാക്രമിക്കുകയും അതിന്റെ നേതാക്കളെ അപഹസിക്കുകയും ചെയ്തപ്പോഴൊന്നും അഡ്വ. ജയശങ്കറിന് ബോധ്യം വന്നില്ല. പകരം മുസ്‌ലിം ലീഗിനെ അധികാരത്തിനു വേണ്ടി കച്ചവട രാഷ്ട്രീയം കളിക്കുന്ന കൂട്ടായ്മയായി മാത്രം വക്കീൽ കണ്ടു. ഇന്നിപ്പോൾ ജയശങ്കറായി ചാനലുകളിലും വേദികളിലും 'ജെ.എസ്' ആയി സംഘ്പരിവാറിന്റെ *കേസരി*യിലും അവതരിക്കുമ്പോൾ ലീഗിനെ വെള്ള പൂശുന്നു, ജമാഅത്തെ ഇസ്‌ലാമിയെ

കടന്നാക്രമിക്കുന്നു. ഒന്നേ പറയാനുള്ളൂ: ഓടരുതമ്മാവാ, ആളറിയും!

## മാപ്പ് പറയേണ്ടതാര്?

■ *തിരൂർ: കേരള മുസ്‌ലിം നവോത്ഥാന വിപ്ലവത്തിലും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലും നേതൃപരമായ പങ്കുവഹിച്ച ഇസ്‌ലാഹീ പ്രസ്ഥാനത്തെയും ത്യാഗോജ്വലമായ പ്രവർത്തനങ്ങളെയും അതിന്റെ നേതാക്കളെയും ശ്മശാന വിപ്ലവമായും താഗൂത്തി സേവയായും പരിഹസിച്ച ജമാഅത്തെ ഇസ്‌ലാമി പൊതുസമൂഹത്തിനു മുമ്പിൽ തെറ്റ് തിരുത്തി മാപ്പ് പറയണമെന്ന് ഐ.എസ്.എം മലപ്പുറം വെസ്റ്റ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'മതത്തിലെ രാഷ്ട്രീയവും രാഷ്ട്രീയത്തിലെ മതവും' മുഖാമുഖം അഭിപ്രായപ്പെട്ടു. മുസ്‌ലിം യുവതയിലെ ന്യൂനപക്ഷത്തെയെങ്കിലും തോക്കിനും ബോംബിനും മുമ്പിലേക്ക് വലിച്ചിഴക്കുന്നതിനു പിറകിലെ ഉത്തരവാദിത്വത്തിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിക്കും അതിന്റെ സ്ഥാപക നേതാവിനും ഒഴിഞ്ഞുനിൽക്കാനാവില്ല. ഇസ്‌ലാമിന്റെ സമാധാന ആദർശങ്ങൾക്ക് കടകവിരുദ്ധമായതും ജനാധിപത്യ മതേതര രാഷ്ട്രത്തിന് അംഗീകരിക്കാനാവാത്തതുമായ ഗ്രന്ഥങ്ങൾ പിൻവലിക്കാൻ ജമാഅത്തെ ഇസ്‌ലാമി തയാറാവണമെന്ന് മുഖാമുഖം ആവശ്യപ്പെട്ടു (ശബാബ് വാരിക, ലക്കം 31, 2010 മാർച്ച് 12). മുജീബിന്റെ പ്രതികരണം?*

***എ.പി അലി അക്ബർ എണ്ണപ്പാടം***

**'ഇ**ന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ ഇസ്‌ലാഹി പ്രസ്ഥാന നേതാക്കൾ വഹിച്ച നേതൃത്വപരമായ പങ്ക്' എന്തായിരുന്നുവെന്ന് അവർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. 1947-ൽ ഇന്ത്യൻ മുസ്‌ലിംകളുടെ അനിഷേധ്യനായ നേതാവ് ഖാഇദെ അഅ്സം മുഹമ്മദലി ജിന്നയുടെ ദീർഘായുസ്സിനു വേണ്ടി പ്രാർഥിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയായിരുന്നു അത്! കെ.എം മൗലവി ഉൾപ്പെടെയുള്ള നേതാക്കൾ മുസ്‌ലിം ലീഗുകാരായിരുന്നു. ഗാന്ധിജി നേതൃത്വം നൽകിയ ദേശീയ പ്രസ്ഥാനമായ നാഷ്നൽ കോൺഗ്രസ്സിനെ അവർ നഖശിഖാന്തം എതിർത്തു. വിഭജനവാദത്തെ പരസ്യമായി പിന്താങ്ങുകയും ചെയ്തു. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ 'മതരാഷ്ട്രവാദ'ത്തിന്റെ പ്രാമാണിക ഗ്രന്ഥമായ 'മുസൽമാൻ ഔർ മൗജൂദ കശ്മകശ്' ഒന്നാം വാല്യം അറബിയിൽ വിവർത്തനം ചെയ്ത് *അൽമുർശിദിൽ* പ്രസിദ്ധീകരിച്ചതും കെ.എം മൗലവിയാണ്. 'ഇസ്‌ലാം എന്നു മുതൽ മതമായോ അന്നു മുതൽ അത് രാഷ്ട്രവുമായി' എന്ന് *അൽ മുർശിദിൽ* എഴുതിയതും ജമാഅത്തെ ഇസ്‌ലാമിയല്ല. ഇസ്‌ലാഹി പുതുതലമുറക്ക് സ്വന്തം ചരിത്രം തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്താം, മുൻതലമുറ ചെയ്ത തെറ്റിന് മാപ്പു പറയാം. ജമാഅത്തെ ഇസ്‌ലാമിയുടെ ചെലവിൽ അത് വേണ്ട. സമുദായത്തിലെ വിഭാഗീയതക്കും ശാഖാപരമായ ഭിന്നാഭിപ്രായങ്ങൾക്കും പരമാവധി ഊർജം കളയുന്നതോ അതിന്റെ പേരിൽ മാതൃസംഘടന തന്നെ പിളർത്തുന്നതോ അല്ല ജിഹാദ്. ജിഹാദ് സത്യത്തിന്റെ മാർഗത്തിലുള്ള ധർമസമരമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ ഗ്രന്ഥങ്ങൾ പിൻവലിക്കണമെന്ന് വനരോദനം നടത്താതെ മുൻഗാമികളെപ്പോലെ അത് വായിച്ചു പഠിക്കാൻ സമയം കാണുക. ക്രമത്തിൽ തല നേരെയായിക്കൊള്ളും.

## ഹജ്ജ് ചെയർമാന്റെ യോഗ്യത?

■ *മുഹ്സിന കിദ്വായി കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടതായി വായിച്ചു. ഇസ്‌ലാമിക സംസ്കാരവും ആചാര മര്യാദകളും നടപടി ക്രമങ്ങളും പാലിക്കാത്ത ഒരു വ്യക്തി കോൺഗ്രസ്സുകാരിയാണെന്ന ഒറ്റക്കാരണത്താൽ ചെയർമാനായത് ഭൂഷണമാണോ? ഹജ്ജ് നിർവഹിച്ചവൻ പ്രസവിച്ച കുഞ്ഞിനെപ്പോലെ നിർമലനാണെന്ന ഹദീസിനോട് പൊരുത്തപ്പെടാൻ മുഹ്സിനയുടെ നേതൃത്വത്തിനു കഴിയുമോ? കെ.വി അബ്ദുൽ ഖാദിർ വഖ്ഫ് ബോർഡ് ചെയർമാനായപ്പോൾ എതിർപ്പ് പ്രകടിപ്പിച്ചവർ ഇപ്പോൾ മൗനം ദീക്ഷിക്കുന്നതിലെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ?*

***ഹാജിറ കടന്നമണ്ണ***

**വ**ഖ്ഫ് ബോർഡിനെയും ഹജ്ജ് കമ്മിറ്റിയെയും രാഷ്ട്രീയക്കാർ നാമനിർദേശം ചെയ്യുകയും ഭരിക്കുകയും ചെയ്യുന്നേടത്തോളം കാലം വ്യക്തികളുടെ അർഹതയും യോഗ്യതയുമൊക്കെ വിഷയമാക്കിയിട്ട് ഒരു കാര്യവുമില്ല. അവർ ചേരുംപടിയല്ല ചേർക്കുന്നത്. രാഷ്ട്രീയ കാരണങ്ങളാൽ ഓരോരുത്തരെ ഓരോ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ്. മുഹ്സിന കിദ്വായിയും അവരിൽ ഒരാളാണ്. ഹജ്ജ് നിർവഹിക്കാനുദ്ദേശിക്കുന്നവർക്ക് അതിനനുകൂലമായ സാഹചര്യം പരമാവധി ഒരുക്കി

ക്കൊടുക്കുകയാണ് ഹജ്ജ് കമ്മിറ്റിയുടെ ചുമതല. അത് മുഹ്സിന ഉറപ്പുവരുത്തിയാൽ അവരുടെ വ്യക്തിജീവിതം പ്രശ്നമാക്കേണ്ടതില്ല.

## വനിതാ സംവരണ ബില്ലും ജമാഅത്തെ ഇസ്‌ലാമിയും

■ *അടുത്തിടെ പാർലമെന്റിൽ അവതരിപ്പിച്ച 33 ശതമാനം വനിതാ സംവരണം നിയമനിർമാണസഭകളിൽ ഉറപ്പുവരുത്താനുള്ള ബില്ലിനെ ജമാഅത്തെ ഇസ്‌ലാമി എതിർക്കുന്നതായും എതിർപ്പിന് നേതൃത്വം നൽകുന്നതായും കാണുന്നു. മുസ്‌ലിംകൾക്കും ദലിതർക്കും ഉപസംവരണമില്ലെങ്കിലും 33 ശതമാനം എന്ന വലിയ മാർജിനിൽ ഈ വിഭാഗങ്ങളിലെയെല്ലാം വനിതകൾക്ക് പ്രാതിനിധ്യം കിട്ടാൻ നല്ല സാധ്യതയില്ലേ? യാദവന്മാർ ഉയർത്തുന്ന തികച്ചും രാഷ്ട്രീയവും സാങ്കൽപികവുമായ വിമർശനങ്ങൾ ഉയർത്തിക്കാട്ടി ജമാഅത്തെ ഇസ്‌ലാമിയെ പോലെ കാര്യഗൗരവമുള്ള ഒരു പ്രസ്ഥാനം ഈ ബില്ലിനെ എതിർത്ത് തോൽപിക്കാൻ ശ്രമിക്കുന്നത് ശരിയാണോ?*

***പാക്കത്ത് മുഹമ്മദ് അലനല്ലൂർ***

**വ**നിതാ സംവരണ ബില്ലിനെയല്ല, ആ ബില്ലിൽ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക സംവരണ വ്യവസ്ഥ ഉൾപ്പെടുത്തിക്കൂടെന്ന ശാഠ്യത്തെയാണ് ജമാഅത്തെ ഇസ്‌ലാമി എതിർക്കുന്നത്. ഇപ്പോൾതന്നെ ലോക്സഭയിൽ 29 മുസ്‌ലിം എം.പിമാരേയുള്ളൂ. സ്ത്രീ സംവരണം കൂടി വന്നാൽ അതിനിയും കുറയാൻ നല്ല സാധ്യതയുണ്ട്. കാരണം പൊതുവെ മുസ്‌ലിം സ്ത്രീകൾ പൊതുജീവിതത്തിൽ പങ്കാളികളല്ല. പുരോഹിതന്മാരുടെ എതിർപ്പിനെ മറികടന്ന് അവരെ പങ്കാളികളാക്കാൻ സമയമെടുക്കും. അപ്പോൾ ഉന്നത ജാതിക്കാരായ സ്ത്രീകളാണ് സ്വാഭാവികമായും മത്സരരംഗത്തുണ്ടാവുക. മുസ്‌ലിം സ്ത്രീ സംവരണം ഏർപ്പെടുത്തിയാലേ അവരെ തന്നെ മത്സരിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികൾ നിർബന്ധിതരാവുകയുള്ളൂ.

കോൺഗ്രസ്–ബി.ജെ.പി–കമ്യൂണിസ്റ്റ് പാർട്ടികൾ സ്ത്രീ സംവരണത്തെ നിരുപാധികം പിന്താങ്ങുന്നതിൽ പ്രകടമായ രാഷ്ട്രീയമുണ്ട്; യാദവർ എതിർക്കുന്നതിലുമുണ്ട് രാഷ്ട്രീയം. അതിനാൽ ജമാഅത്തെ ഇസ്‌ലാമി താരതമ്യേന ന്യൂനപക്ഷ– പിന്നാക്ക സമുദായങ്ങൾക്ക് ഗുണകരമായ നീക്കത്തെ പിന്തുണക്കുന്നു.

## അൽഖാഇദയും താലിബാനും

■ *ആഗോളതലത്തിൽ സാമ്രാജ്യത്വത്തിനും സയണിസത്തിനുമെതിരെ പോരാട്ടം സംഘടിപ്പിക്കുന്നു എന്ന് അവകാശപ്പെടുകയും ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുകയും ചെയ്യുന്ന അൽഖാഇദ, താലിബാൻ തുടങ്ങിയ സംഘടനകളെ കുറിച്ചുള്ള അഭിപ്രായം എന്താണ്? ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഭീകരാക്രമണങ്ങളും ഭീകര പ്രവർത്തനങ്ങളും ഈ സംഘടനകളുടെ മേലാണ് അമേരിക്കയടക്കമുള്ള രാജ്യങ്ങൾ ആരോപിക്കുന്നത്. മാത്രമല്ല, ചില ഭീകരാക്രമണങ്ങളുടെ ഉത്തരവാദിത്വം ഈ സംഘടനകൾ തന്നെ സ്വയം ഏറ്റെടുക്കുന്നു. ഇസ്‌ലാമിനെ തകർക്കാനും കരിതേച്ചു കാണിക്കാനുമുള്ള എന്തെങ്കിലും ഹിഡൻ അജണ്ട ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടോ?*

***നൗഷാദ് തെക്കുംപുറം***
***ചാവക്കാട്***

**അ**മേരിക്ക സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി കള്ളം പറയും. നേരത്തെ പറഞ്ഞിരുന്ന പലതും കള്ളമായിരുന്നുവെന്ന് ഇപ്പോൾ സമ്മതിക്കുന്നുമുണ്ട്. അൽഖാഇദയും താലിബാനും ചെയ്യുന്ന പ്രവർത്തനങ്ങളിൽ പലതും തീവ്രവാദപരമോ ഭീകരമോ ആണെന്ന് വിശ്വസിക്കാനാണ് ന്യായം. ഇസ്‌ലാം സ്വാഭാവികമായും ഭീകരതയെ പാടെ നിരാകരിക്കുന്നു. ബലപ്രയോഗത്തിലൂടെ നിലവിൽ വരേണ്ടതല്ല ഇസ്‌ലാം. ഗുണത്തേക്കാളേറെ ദോഷകരമായ ഏത് പ്രവർത്തന മാർഗവും ഇസ്‌ലാമിൽ വർജ്യമാണ്. നിരപരാധികളെ കൊല്ലുകയോ പരിക്കേൽപിക്കുകയോ ചെയ്യാൻ ഒരു പരിതസ്ഥിതിയിലും ഇസ്‌ലാം അനുവദിച്ചിട്ടില്ല താനും. ഹിഡൻ അജണ്ട പിന്നിലുണ്ടാവാനുള്ള സാധ്യത നിരാകരിക്കേണ്ടതല്ല.

## സോളിഡാരിറ്റിയുടെ സമരം

■ *സോളിഡാരിറ്റി ഇപ്പോൾ നാലുവരി പാതക്ക് എതിരെയുള്ള സമരത്തിലാണല്ലോ. ഇത്തരം ഒരു സമരത്തിൽ പങ്കെടുക്കൽ ഒരു മുസ്‌ലിമിന്റെ ശർഇയായ ബാധ്യതയാണെന്ന് പറയാൻ പറ്റുമോ?*

*ഇത്തരത്തിലുള്ള സമരത്തിൽ പങ്കെടുക്കാതെ തന്നെ, നമസ്കാരവും മറ്റു ആരാധനാ കർമങ്ങളും ദിക്റ് ദുആകളും മറ്റും നിർവഹിച്ചുതന്നെ ഒരു വിശ്വാസിക്ക് സ്വർഗം നേടാമെന്നിരിക്കെ എന്തിനാണിത്തരത്തിലുള്ള കാര്യങ്ങളിൽ സോളിഡാരിറ്റി ഇടപെടുന്നത്? ഇത്തരം സമരങ്ങൾ മുസ്‌ലിമിന്റെ ശർഇയായ ബാധ്യതയാണെന്നതിന് എന്ത് തെളിവാണുള്ളത്?*

***പി. ഇബ്റാഹീം ഉതിരംപൊയിൽ***

**ദീ**ൻ ഗുണകാംക്ഷയാണ് എന്ന് നബി(സ) പറഞ്ഞപ്പോൾ സ്വഹാബികൾ ചോദിച്ചു: ആരോട്? 'മുസ്‌ലിംകളുടെ നേതാക്കളോടും സാധാരണക്കാരോടും' എന്ന് തിരുമേനി മറുപടി പറഞ്ഞു. പീഡിതരെയും മർദിതരെയും സഹായിക്കണമെന്നതും ഇസ്‌ലാമിന്റെ ശാസനയാണ്. ദേശീയപാത വികസനത്തെ സോളിഡാരിറ്റി എതിർക്കുന്നില്ല. 30 മീറ്റർ വീതിയിൽ നാലുവരി പാത പണിയാം. അതിലപ്പുറം വീതി കൂട്ടാൻ ജനസാന്ദ്രമായ കേരളത്തിൽ ലക്ഷങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരും. അതവരുടെ ജീവിതം മുട്ടിക്കും. അതിനാൽ ജനങ്ങളോടുള്ള ഗുണകാംക്ഷയുടെയും പീഡിതരോടുള്ള സഹാനുഭൂതിയുടെയും പേരിലാണ് സോളിഡാരിറ്റി 45 മീറ്റർ പാതക്കെതിരെ സമരത്തിനിറങ്ങുന്നത്. നമസ്കാരവും ദിക്റുകളും മാത്രമല്ല ഇസ്‌ലാം. ജനസേവനവും മർദിതരുടെ മോചനവും അരുതായ്മകളോടുള്ള എതിർപ്പും ദുർവ്യയത്തോടുള്ള വിയോജനവുമെല്ലാം ഇസ്‌ലാമാണ്. നന്മ സംസ്ഥാപിക്കലും തിന്മ തടയലുമാണ് മുസ്‌ലിമിന്റെ ജീവിത ദൗത്യം. ■